**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **18.06.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 2990**

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. റ്റി.വി.രാജേഷ്**<br>**,, വി. അബ്ദുറഹിമാൻ**<br>**,, വി. ജോയി**<br>**,, എം.രാജഗോപാലൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ 'കൃത്രിമപ്പാര്' സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുതുക്കുറിച്ചി മത്സ്യഗ്രാമത്തിന് സമീപവും കരിങ്കുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുതുറ മത്സ്യഗ്രാമത്തിലുമാണ് ടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. 120 കൃത്രിമപ്പാര് (Trapezoidal RCC modules) 70 RCC പൈപ്പും ഉൾപ്പെടുന്ന യൂണിറ്റാണ് 2 സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത്. രണ്ടുഘട്ടങ്ങളിലായി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് 100 ലക്ഷം രൂപ അനുവദിക്കുകയും ആയത് അനുസരിച്ച് കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. 2016-17 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ തുമ്പ, പുല്ലുവിള മത്സ്യഗ്രാമങ്ങളിൽ ടി പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.<br>കൂടാതെ നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കടലിൽ 'കൂട് കൃഷി' നടത്തുന്നതിനായി 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ കൂട്കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി അഡാക്ക് മുഖേനയാണ് നടപ്പിലാക്കുന്നത്. അതോടൊപ്പം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനായി 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലുപ്പം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുതകുന്ന രീതിയിൽ KMFR ആക്ട് ഭേദഗതി ചെയ്തും ആയത് നിർബന്ധമായും നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തിയും കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കെ.എം.എഫ്.ആർ. (കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ) ആക്ടിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഹാനികരമായ രാസവസ്തുക്കളുപയോഗിച്ചോ, വോൾട്ടേജ് കൂടിയ വിളക്ക് പ്രകാശിപ്പിച്ചോ, ഡൈനാമെറ്റിന്റെയോ, മറ്റ് സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചോ, വിഷം കലർത്തിയോ മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിനുവേണ്ടിയുള്ള ഭേദഗതികൾ KMFR ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോട്ട് നിർമ്മാണ യൂണിറ്റുകളെയും വലനിർമ്മാണ യൂണിറ്റുകളെയും ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷന് വിധേയമാക്കി നിയന്ത്രിക്കുന്നതിനുള്ള ഭേദഗതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അശാസ്ത്രീയ മത്സ്യബന്ധനം നടത്തി ഇംപൗണ്ട് ചെയ്യുന്ന ബോട്ടുകൾക്ക് 100 HP -ക്ക് മുകളിൽ എഞ്ചിൻ കപ്പാസിറ്റിയുള്ളവയുടെ പിഴ 2.5 ലക്ഷം രൂപയായും,10 HP യ്ക്കും 100 HP യ്ക്കും ഇടയ്ക്കുള്ളവയ്ക്ക് 1 ലക്ഷം രൂപയായും 10 HP-ക്ക് താഴെയുള്ളവയ്ക്ക് 10000 രൂപയായും വർദ്ധിപ്പിച്ച് KMFR ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. |
| (സി) | ഫാമുകളുടെയും നഴ്സറികളുടെയും ഹാച്ചറികളുടെയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഫാമുകളുടെയും നേഴ്സറികളുടെയും ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണത്തിനും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, നെയ്യാർ ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രം, തൃശ്ശൂർ പീച്ചി മത്സ്യ വിത്തുല്പാദന കേന്ദ്രം എന്നിവയുടെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 1000 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | മത്സ്യത്തിന് ന്യായവില ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും വേണ്ടി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി നേരിട്ട് ലേലം നടത്തുകയും, പിടിച്ചെടുത്ത മത്സ്യത്തിന് ന്യായവില നൽകി നേരിട്ടു മത്സ്യത്തൊഴിലാളികളിൽ നിന്നും മത്സ്യം സംഭരിച്ച് മത്സ്യഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴി വിതരണം നടത്തുകയും ചെയ്യുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ നേരിട്ട് മത്സ്യം സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വില്പനയും നടത്തി വരുന്നു. കൂടാതെ ഇടനിലക്കാരുടെ അധിക ചൂഷണം ഒഴിവാക്കി ലേലം ക്രമീകരിക്കുവാനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യത്തിന്റെ വിപണനം പ്രോത്സാഹിപ്പിക്കാനും ഉതകുന്ന നിയമനിർമ്മാണവും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ